
# ബൈബിൾ ദൂത്



## അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവു ചെയ്തു ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും സംശയങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എഡിററർ

## അറിയിപ്പ്

1987 ജൂൺ 2 മുതൽ 6 വരെ ചർച്ച് ഓഫ് ക്രൈസ്ററ് ബിൽഡിങ്ങിൽ വെച്ചു നടന്ന കൺവെൻഷൻ വളരെ അനുഗ്രഹീതമാക്കി തീർത്തതിന് ദൈവത്തെ സ്തുതിക്കുന്നു. ഈ മീററിങ്ങിൻെറ വിജയത്തിനായി പ്രവർത്തിച്ച സഹോദരങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

എഡിററർ

# ബൈബിൾ ട്രൂത്ത്

Editors :


P. K. VARGHESE J. C. CHOATE

*** *** ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 1 June 1987 No. 3




അടുത്ത കാലത്ത് യാക്കോബായ സമുദായത്തിൽ പെട്ട ഒരു പ്രമുഖ വ്യക്തിയുടെ മകൻ പുതിയ നിയമമനുസരിച്ച് യഥാർത്ഥ ക്രിസ്ത്യാനിയായി ത്തീർന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു ബന്ധു ഇപ്രകാരം ചോദിക്കുകയുണ്ടായി " എന്താ അമേരിക്കയിൽ പോകുവാനുള്ള വല്ല ചാൻസും ഉണ്ടോ ? ഉണ്ടെങ്കിൽ കൊള്ളാം. പ്രായവും പക്വതയും വന്നുവെന്നു കരുതപ്പെടുന്ന ഇവർ പള്ളിക്കാര്യങ്ങളിൽ വളരെ തീക്ഷ്ണത കാണിക്കുന്നവർ അത് എന്തിനുവേണ്ടിയാണെന്ന് അവരുടെ ചോദ്യത്തിൽ ഒളിഞ്ഞു കിടക്കുന്നു. മതപരമായി ചെയ്യുന്നതെല്ലാം സ്വാർത്ഥ ലാഭം പ്രതീക്ഷിച്ചുകൊണ്ടാണെങ്കിൽ അതിൽ നിന്നും കിട്ടുന്ന പ്രതിഫലം ഭൗതികമായിരിക്കും. എന്നാൽ യേശു ക്രിസ്തുവിനെ അനുഗമിച്ച ശിഷ്യന്മാർ തങ്ങൾക്കുള്ളതെല്ലാം വിട്ടുകളഞ്ഞാണ് അവനെ പിൻ പററിയതു്. അതിന്റെ കാരണം ഭൗതികമായ എന്തിനെക്കാളും വിലയുള്ളതാണ് ആത്മാവിന്റെ രക്ഷ എന്നുള്ളതാണ്. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുകയാണ് ചെയ്യുന്നത്. ആകയാൽ നിത്യ ജീവൻ പ്രാപിക്കുക എന്ന മഹത്തായ ലക്ഷ്യമായിരിക്കണം ഒരാൾ പരിവർത്തനം ചെയ്യപ്പെടുമ്പോൾ ഉണ്ടായിരിക്കേണ്ടത്. ആത്മാർത്ഥമായി ഒരാൾ ക്രിസ്തുവിലായിതീരുമ്പോൾ ചിലർ പരിഹാസവാക്കുകളായി ഇതുപോലെ സംസാരിക്കാറുണ്ട്. അതു അവരുടെ അറിവില്ലായ്മയെന്നു നമുക്കു സമാധാനിക്കാം. പുതുതായി ജനിക്കപ്പെടുന്ന വ്യക്തികൾക്കു് ഇത്തരം ആരോപണങ്ങളെ നേരിടുവാൻ ദൈവം ശക്തിനല്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം. മാന്യവായനക്കാരുടെ അഭിനന്ദനത്തിനും നിർദ്ദേശത്തിനും ക്രിസ്തുവിന്റെ നാമത്തിൽ കൃതജ്ഞത രേഖപ്പെടുത്തട്ടെ

പി. കെ. വർഗ്ഗീസ്

# ചൂടേറിയ സ്ഥലം

ജെ. സി. ചോട്ട്

കഴിഞ്ഞ കുറെ നാളുകളായി നമ്മൾ തീവ്രമായ ഉഷ്ണത്താൽ പ്രയാസപ്പെട്ടു കൊണ്ടിരിക്കുകയാണല്ലോ. ഒരു ആശ്വാസത്തിനായി എല്ലാവരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇനിയും ഒരു പക്ഷേ ഉഷ്ണം കൂടിയെന്നിരിക്കാം.

ഉഷ്ണത്തിന്റെ ആധിക്യത്താൽ രോഗങ്ങളും കഷ്ടപ്പാടുകളും മനുഷ്യർ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യം...... ഉഷ്ണത്തെ പറ്റി ചിന്തിക്കുന്നതിന് ഏറ്റവും അനുയോജ്യമായ അവസരമാണ്. ഈ തീഷ്ണമായ ചൂട് ആനന്ദിക്കുന്നവർ ഉണ്ടാകുകയില്ല. എല്ലാവരും അതിൽ നിന്നും രക്ഷ നേടുവാൻ ആഗ്രഹിക്കുന്നവരാണ്. ഫാനും, എയർകണ്ടീഷണറും........ഐസും........വളരെയധികം ചിലവഴിക്കപ്പെടുന്ന വസ്തുക്കളാണ് ഇപ്പോൾ........ദാഹശമനത്തിനായി എല്ലാവരും പല തരത്തിലുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. അങ്ങനെ ആശ്വാസത്തിനും, ഉഷ്ണത്തിൽ നിന്നും രക്ഷപ്പെടുന്നതിനുമായി പലതരത്തിലുള്ള മുഖാന്തിരങ്ങൾ ഓരോരുത്തരും ആശ്രയിച്ചുകൊണ്ടിരിക്കുന്നു.

ഈ സന്ദർഭത്തിൽ തിളച്ചുകൊണ്ടിരിക്കുന്ന മറ്റൊരു സ്ഥലമായ നരകം എന്ന സ്ഥലത്തെക്കുറിച്ചു് ചിന്തിക്കുന്നത് നന്നായിരിക്കും. ഈ ഭൂമിയിലെ ജീവിതത്തിൽ നാം ഉഷ്ണത്തെ ഒട്ടും ആഗ്രഹിക്കുന്നില്ല! എങ്കിൽ തീർച്ചയായും ആരും നരകത്തിലെ അത്യുഷ്ണത്തെയും ഇഷ്ടപ്പെടുകയില്ല. ഇപ്പോൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ഉഷ്ണത്തിൽ നിന്ന് രക്ഷനേടുവാൻ ആഗ്രഹിക്കുമ്പോൾ തീർച്ചയായും ദുഷ്ടന്മാർക്കു വേണ്ടി ഒരുക്കിയിരിക്കുന്ന ആ കഠിനമായ ചൂടിനെ നാം ഒഴിഞ്ഞുപോകുവാൻ ആഗ്രഹിക്കും.

'നരകം' എന്ന സ്ഥലത്തെക്കുറിച്ചു് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? 'ഷിയോൾ' എന്ന എബ്രായ ഭാഷയുടെ വിവർത്തനമാണ് നരകം..അഥവാ മരിച്ചവരുടെ താവളം. പുതിയ നിയമത്തിൽ ഈ പ്രയോഗം രണ്ടു തരത്തിൽ കാണുവാൻ കഴിയും, ഒന്നാമതായി 'ഹേയ്ഡസ്' 'ഷിയോൾ' എന്ന വാക്കിന്റെ അതേ അർത്ഥം തന്നെയാണ് ഇവിടെ...മരിച്ചവരുടെ സ്ഥലവും. രണ്ടാമതായി....'ഗെഹന്ന' എന്ന വാക്കിൽ നിന്നു് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു....ഈ വാക്കിന്റെ അർത്ഥം........ദുഷ്ടന്മാരെ ശിക്ഷിക്കുന്ന സ്ഥലം. ഈ ലേഖനത്തിൽ നാം ഉപയോഗിക്കുന്നത് രണ്ടാമത്തെ പ്രയോഗത്തിൽ കാണുന്ന അർത്ഥവുമായി ബന്ധപ്പെട്ടാണ്.

നരകമെന്നത് പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരിക്കിയിട്ടുള്ള സ്ഥലമാണ് ( മത്തായി 25:41 ). കൂടാതെ ദുഷ്ടന്മാർക്കും, അനീതിയും, പാപവും സ്വഭാവമാക്കിയിട്ടുള്ള ദൈവത്തെ തള്ളിക്കളഞ്ഞവർക്കും........ വെളിപ്പാടു് 21:8-ൽ നാം ഇപ്രകാരം വായിക്കുന്നു. '' എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കു് ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം '' ഈ സ്ഥലത്തെക്കുറിച്ചു് ക്രിസ്തു പറഞ്ഞത് '' അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല '' മർക്കോസ് 9:48.

നരകത്തെ വിശേഷിപ്പിച്ചിരിക്കുന്ന ചില വിശേഷണങ്ങൾ ഇപ്രകാരമാണ്. ' ഗന്ധകവും തീയും കത്തുന്ന പൊയ്ക. ( വെളിപ്പാടു് 21:8 ) ജ്വാലയാൽ നിറയപ്പെട്ട സ്ഥലം (ലൂക്കോസ് ( 16:24 ) കരച്ചിലും പല്ലുകടിയും ഉള്ള സ്ഥലം ( മത്തായി 8:12 ) യാതനാസ്ഥലം ( ലൂക്കോസ് 16:28 ) ഈ യാതനകളെല്ലാം എല്ലാക്കാലത്തും അനുഭവിക്കേണ്ടിവരും എന്നും ( വെളിപ്പാടു് 20:10 ) കാണുന്നു.

വരുവാനിരിക്കുന്ന ഒരു സമയത്ത് സംഭവിക്കാൻ പോകുന്ന ഒന്നാണിത്. ക്രിസ്തു വീണ്ടും വരും ( 11 തെസ്സലൊനിക്യർ1:7-9) അപ്പോൾ ലോകം നശിപ്പിക്കപ്പെടും ( 11 പത്രോസ് 3:10-13 ). ഈ സമയത്ത് കർത്താവ് തന്നെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത എല്ലാവരെയും തന്നോടു ചേരേണ്ടതിന് കൂട്ടിച്ചേർക്കുകയും തുടർന്നു ന്യായവിധി ഉണ്ടാകുകയും ചെയ്യും. ( മത്തായി 25:31-46 ). നീതിമാന്മാർ രക്ഷിക്കപ്പെടുകയും. ദുഷ്ടന്മാർ നിത്യമായി, എന്നെന്നേക്കുമായുള്ള തീ പൊയ്കയിലേയ്ക്ക് തള്ളപ്പെടുകയും ചെയ്യും.

ചിലർ വാദിക്കാറുണ്ടു്, നരകം നിത്യമായിട്ടുള്ള ഒന്നല്ല. സ്വർഗ്ഗം നിലനില്ക്കുന്നതു വരെ മാത്രമേ നരകവും ഉള്ളു എന്നു്, വചന പ്രകാരം സ്വർഗ്ഗം നിത്യമായിട്ടുള്ള ഒന്നാണെങ്കിൽ നരകവും നിത്യമായിട്ടുള്ള ഒരു സ്ഥലം തന്നെയാണ്, ( മത്തായി 25:46 ). സ്നേഹവാനായ ദൈവം എന്തിനുവേണ്ടി ഒരു ആത്മാവിനെ നിത്യമായ ശിക്ഷാവിധി നല്കി പീഡിപ്പിക്കുന്നു എന്നു് പലരും സംശയിക്കാറുണ്ടു് ................ദൈവം ആരെയും നരകത്തിലേക്കോ പീഡനത്തിനായോ അയക്കുന്നില്ല, എല്ലാവരും മാനസാന്തരപ്പെട്ടു് അവനെഅനുസരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ( 11 പത്രോസ് 3:9, ) ( പ്രവൃത്തികൾ 10:34-35 ). അതിനായി മാനവജാതിയ്ക്ക്, തന്നെ അനുസരിക്കുന്നവർക്കു് രക്ഷയും ഒരുക്കിയിരി

ക്കുന്നു. ആയതിനാൽ ഒരു വ്യക്തി നരകത്തിലേയ്ക്കാണ് തന്റെ ജീവിതം നയിക്കുന്നതെങ്കിൽ അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ആ വ്യക്തിയ്ക്കു തന്നെയാണ്.

പ്രിയ സുഹൃത്തേ, നിങ്ങൾ നരകത്തിൽ പോകുവാൻ ആഗ്രഹിക്കുന്നുവോ ? അങ്ങനെ ആഗ്രഹിക്കുന്നില്ല എങ്കിൽ പോകാതിരിക്കുവാൻ നിങ്ങൾ എന്താണ്. ചെയ്യുന്നത് ? പത്രോസ് പറഞ്ഞു "ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ, അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും ? നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ അഭക്തന്റെയും പാപിയുടേയും ഗതി എന്താകും ? അതുകൊണ്ടു ദൈവേഷ്ട പ്രകാരം കഷ്ടം സഹിക്കുന്നവർ നന്മചെയ്തു കൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സൃഷ്ടാവിങ്കൽ ഭരമേൽപിക്കട്ടെ. " 1 പത്രോസ് 4:17-19.

നരകത്തിന്റെ പീഡനത്തിൽ നിന്നും മനുഷ്യന് രക്ഷ നേടുന്നതിന് ഒരേ ഒരു വഴിയേ ഉള്ളു. ദൈവത്തെ അനുസരിക്കുകയും അങ്ങനെ കർത്താവിന്റെ വരവിങ്കൽ അവനെ എതിരേല്പാൻ ഒരുങ്ങിയിരിക്കുകയും ചെയ്യുക എന്നുള്ളതു തന്നെ. ഈ ജീവിത കാലത്തിൽ സത്യത്തെ മനസ്സിലാക്കുന്നതിനും അനുസരിക്കുന്നതിനും ലഭിച്ചിട്ടുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തിയാൽ വരുവാനിരിക്കുന്ന ജീവിതത്തെക്കുറിച്ചു് നമുക്ക് യാതൊരു പ്രത്യാശയുമുണ്ടാകുകയില്ല. ദൈവത്തെക്കുറിച്ചു് ബോധവാനായ ഒരു വ്യക്തി, അവന്റെ വചനവും ഹിതവും മനസ്സിലാക്കി അനുസരിക്കുകയും പിന്തുടരുകയും ചെയ്യുമ്പോൾ ആ മനുഷ്യൻ ദൈവരാജ്യത്തിനും, നിത്യജീവനും അവകാശിയായിതീരുന്നു. ക്രിസ്തു ഇപ്രകാരം മനുഷ്യരെ വിളിച്ചു. " വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും " മർക്കോസ് 16:16. നിങ്ങൾ അവന്റെ വചനം അനുസരിച്ചു്, അവന്റെ സഭയോടു ചേർക്കപ്പെടുമ്പോൾ.... ജീവകിരീടം അവൻ ദാനമായി നല്കുന്നു........( വെളിപ്പാട് 2:10 ).

നിങ്ങൾ ഒരിക്കലും നരകത്തിൽ പോകുവാൻ ആഗ്രഹിക്കുന്നില്ല എന്ന് തീർച്ചയാണ്. യാതനകൾ കൊണ്ട് നിറഞ്ഞതും ദുഷ്ടന്മാർക്കും, പാപികൾക്കും വേണ്ടി ഒരുക്കിയിട്ടുള്ളതുമാണ് ആ സ്ഥലം അവിടെ ആർക്കും ആശ്വാസം ഉണ്ടാകുകയില്ല.

കർത്താവ്; നിങ്ങൾ അവിടെ പോകാതിരിക്കുന്നതിനുവേണ്ടി നിങ്ങൾക്കായി യാചിക്കുന്നു........ നരകത്തിൽ നിന്നു് ആരെങ്കിലും ഈ ഭൂമിയിലേയ്ക്കു വരുകയാണെങ്കിൽ അവരും നമ്മോടു് ആ സ്ഥലത്തിന്റെ പീഡനത്തെക്കുറിച്ചു് താക്കീതു ചെയ്യും............

എങ്കിൽ........നിങ്ങൾ എന്തിനുവേണ്ടി ആ സ്ഥലത്തിനായി ശ്രമിക്കുന്നു ?. ആ സ്ഥലം ഒഴിഞ്ഞു മാറുവാൻ നിങ്ങൾക്ക് കഴിയും ബുദ്ധിയോടെ നിങ്ങൾ തീരുമാനമെടുക്കുമെങ്കിൽ............ !

---

# ,ശത്രുക്കളെ സ്നേഹിപ്പിൻ,

ജോൺ സ്റേറസി

'' ഞാനോ നിങ്ങളോടു പറയുന്നതു; നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിനു തന്നെ; അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കയും ചെയ്യുന്നുവല്ലോ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം ? ചുങ്കക്കാരും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു ? ജാതികളും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ ? ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ '' മത്തായി 5:44-48.

ആദ്യമായി....നാം എപ്രകാരമാണ് ശത്രുക്കളെ സ്നേഹിക്കേണ്ടത് എന്ന് സംശയിച്ചേക്കാം. നാം അവരോടു ക്ഷമിക്കുന്നതു മൂലം നമുക്ക് അവരെ സ്നേഹിക്കുവാൻ കഴിയും. തന്നെ ക്രൂശിച്ചവരോടു് യേശു ക്ഷമിച്ചു ( ലൂക്കോസ് 23:34 ). സ്ററീഫാൻ ( ആദ്യത്തെ രക്തസാക്ഷി ) തന്നെ കല്ലെറിഞ്ഞവരോടു് ക്ഷമിക്കുകയുണ്ടായി ( പ്രവൃത്തികൾ 7:59-64 ). ശത്രുക്കളുടെ സ്വഭാവമോ, പ്രവർത്തിയോ നിമിത്തമല്ല ക്രിസ്തുവും, സ്ററീഫനും അവരോടു ക്ഷമിച്ചത്........മറിച്ചു് ക്രിസ്തുവിന്റെയും സ്ററീഫന്റെയും സ്വഭാവത്തിന്റെ സവിശേഷതയായിരുന്നു........ക്ഷമിക്കുക എന്നത്.

പലപ്പോഴും മററുള്ളവരോടു നാം ദേഷ്യം വച്ചുകൊണ്ടിരിക്കുന്നവരാണ്. നമ്മെ ഉപദ്രവിക്കുന്നവർ നശിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. ക്ഷമിക്കുന്നതിന് താമസ്സമുള്ളവരാണ് നാം....കാരണം നമ്മുടെ സ്നേഹം യഥാർത്ഥമല്ല എന്നതു തന്നെ. '' നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും; നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല '' മത്തായി 6:14-15.

രണ്ടാമതായി- അവർക്കുവേണ്ടി നന്മപ്രവർത്തിക്കുന്നതു വഴി

ശത്രുക്കളെ നമുക്ക് സ്നേഹിക്കാം. പൗലോസ് റോമയിലുള്ള ക്രിസ്ത്യാനികളോടു് ഇപ്രകാരം പറയുന്നു- '' നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവനു് തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും '' ( റോമർ 12;20 ). ശത്രുക്കളോടു നന്മ ചെയ്യുന്നതുവഴി അവരെ നമുക്ക് സ്നേഹിതൻമാരായി മാററിയെടുക്കുവാൻ കഴിയും. അങ്ങനെയാണ് ദൈവം പ്രവർത്തിക്കുന്നതു ( മത്തായി 5;44-45 ).

അഥവാ........നമ്മുടെ നന്മപ്രവർത്തികം അവരിൽ വ്യത്യാസം വരുത്തുന്നില്ല എങ്കിലോ ? എന്നാലും....നാം അവരെ തുടർച്ചയായി സ്നേഹിക്കണം. നാം ഇത് ചെയ്യുമ്പോഠം തീർച്ചയായും നമ്മുടെ പ്രതിഫലം വലുതായിരിക്കും. ( ലൂക്കോ 6:35 ).

മൂന്നാമതായി- നാം സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിരിക്കുന്നതിനാൽ ശത്രുക്കളെ സ്നേഹിക്കേണം....പലപ്പോഴും നാം പറയാറുണ്ടു്....' പിതാവിനെപ്പോലെ തന്നെ മകനും ' എന്ന്, നമുക്ക് ജീവൻ തന്നു നമ്മെ സ്നേഹിച്ച പിതാവിന്റെ സ്നേഹം നാം ശത്രുക്കളെ സ്നേഹിക്കുന്നതിൽ കൂടി അവർക്ക് വെളിപ്പെടുത്തേണം. (മത്തായി 5:46 ). എല്ലാമനുഷ്യരെയും രക്ഷിക്കുന്നതിനുവേണ്ടിയാണ് ദൈവം തന്റെ ഏക ജാതനായ ക്രിസ്തുവിനെ ക്രൂശിൽ മരിക്കുന്നതിനായി അയച്ചു് തന്റെ സ്നേഹം പ്രദർശിപ്പിച്ചത്. ( റോമർ 5;6-10 ).

നാലാമതായി- പാപികളിൽ നിന്നും, മററു മനുഷ്യരിൽ നിന്നും നാം വ്യത്യസ്തരായതിനാൽ നാം ശത്രുക്കളെ സ്നേഹിക്കണം. ക്രിസ്തു പറഞ്ഞു '' നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങഠക്കു എന്തു പ്രതിഫലം ? ചുങ്കക്കാരും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങഠ എന്തു വിശേഷം ചെയ്യുന്നു ? ജാതികളും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ ? ക്രിസ്ത്യാനികളുടെ ജീവിതത്തിൽ സ്വഭാവത്തിൽ കൂടി ഈ ലോകം വ്യത്യസ്തമായ ഒരു ജീവിത ശൈലി കാണണം, പലരും ദൈവഭക്തി പ്രദർശിപ്പിക്കാറുണ്ടു്....പക്ഷേ ജീവിതത്തിൽ അതിന്റെ സ്വാധീനം കുറവായി കാണപ്പെടുന്നു. അവർ ദൈവത്തിനുള്ളവർ എന്നും, ദൈവത്തെ സ്നേഹിക്കുന്നു എന്നും അവകാശപ്പെടാറുണ്ടെങ്കിലും അവരുടെ പ്രവർത്തികളിൽ നിന്നും ആ അവകാശവാദങ്ങഠ പൊള്ളയാണ് എന്നു തെളിയുന്നു.

ക്രിസ്ത്യാനി- സാധാരണയായി കാണാറുള്ള സ്വഭാവങ്ങളിൽ നിന്നും വ്യത്യസ്തനായിരിക്കണം. ആ വ്യത്യാസമായിരിക്കണം ക്രിസ്ത്യാനിയെ ലോകത്തിൽ നിന്നും വേറിട്ടു നിർത്തേണ്ടതു്. (2തിമൊഥെയോസ് 3;5, തീത്തോസ് 1;16 മത്തായി 5:41 )

അഞ്ചാമതായി....ദൈവത്തെ പൂർണ്ണമായി അറിയേണ്ടതിനും

ശത്രുക്കളെ സ്നേഹിക്കണം. യോഹന്നാൻ എഴുതി ' സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. " 1 യോഹ 4:8. നാം ദൈവത്തെ അറിയുന്നില്ല എങ്കിൽ, നിത്യജീവൻ അവകാശമാക്കുവാൻ നമുക്കു കഴിയുകയില്ല. ( യോഹന്നാൻ 17:3 ).

ആറാമതായി- ശത്രുക്കളെ സ്നേഹിക്കുന്നതു വഴി നമ്മുടെ സ്നേഹം പൂർണ്ണമാക്കപ്പെടുന്നു. മത്തായി 5:48-ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു- " ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ " ഈ ലേഖനത്തിന്റെ ( മത്തായി 5:43-47 ) പശ്ചാത്തലത്തിൽ എന്താണ് പൂർണ്ണതയെ പററി പരാമർശിക്കുന്നതു് എന്നത വ്യക്തമാണ്. യോഹന്നാൻ എഴുതി- " സ്നേഹത്തിനു ഭയമില്ല, ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല ( 1. യോഹ 4:18 ).

അവസാനമായി- നമ്മുടെ നന്മയ്ക്കു വേണ്ടി നാം ശത്രുക്കളെ സ്നേഹിക്കണം. റോമർ 12:20–21 വരെയുള്ള വാക്യങ്ങളിൽ കൂടി പരിശുദ്ധാത്മ നിയോഗത്താൽ പൗലോസ് ഇപ്രകാരം രേഖപ്പെടുത്തി " നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും ....തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക "

നാം ശത്രുക്കളെ സ്നേഹിക്കുന്നില്ല എങ്കിൽ....തിന്മയെ പരാജയപ്പെടാത്തുവാൻ കഴിയുകയില്ല....അങ്ങനെ തിന്മ നമ്മെ ഭരിക്കുന്നതിന് നാം അനുവദിച്ചു കൊടുക്കേണ്ടി വരുന്നു. നന്മ നമ്മെ ഭരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ !

* * *

# നിങ്ങൾക്കിങ്ങനെ തോന്നുന്നുവോ?

**വിപുൽ റോയി**

" ഞാൻ ക്രിസ്തുവിനെ അനുസരിച്ചിട്ടില്ല, ശരി തന്നെ, പക്ഷെ ദൈവം എന്നെ ശിക്ഷിച്ചു് നരകത്തിലേയ്ക്ക് അയക്കും എന്ന് എനിക്ക് തോന്നുന്നില്ല; എല്ലാവരും നശിച്ചു പോകണമെന്ന് ക്രിസ്തു ആഗ്രഹിക്കുമോ...........? "

ദൈവത്തിന്റെ വചനം ഇപ്രകാരം പറയുന്നു-' കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നും അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും, നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും........" II തെസ്സലൊനീക്യർ 1:7-9

" ക്രിസ്തു ദൈവ പുത്രനാണ് എന്ന് ഞാൻ വിശ്വസിക്കുകയും, ഞാൻ എന്റെ പാപങ്ങളെക്കുറിച്ചു് അനുതപിക്കുകയും ചെയ്യുകയുണ്ടായി........എനിക്ക് തോന്നുന്നില്ല........ഇനി മറ്റു വല്ലതും കൂടി ചെയ്യേണ്ട ആവശ്യമുണ്ട് എന്ന്. "

ബൈബിൾ ഇപ്രകാരം പറയുന്നു- " അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവർത്തികളാൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു. " ( യാക്കോബ് 2.24 ). കൂടാതെ പ്രവർത്തികൾ 2:38-ൽ " നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും " എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

" രക്ഷ പ്രാപിക്കുന്നതിന് തിരുവചനം ആവശ്യപ്പെട്ടതെല്ലാം ഞാൻ അനുസരിച്ചു....സഭയിൽ ആരാധനക്കായി മുടങ്ങാതെ വരണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന് എനിക്ക് തോന്നുന്നില്ല.

" സഭായോഗങ്ങളെ ഉപേക്ഷിക്കരുത് " എന്ന് എബ്രായ ലേഖനിലൂടെ ദൈവം വ്യക്തമായി കല്പിച്ചിരിക്കുന്നു. ( എബ്രായർ 10:25 ).

" വല്ലപ്പോഴുമൊരിക്കൽ പുകവലിക്കുന്നതോ, മദ്യപിക്കുന്നതോ പാപമാണെന്ന് എനിക്ക് തോന്നുന്നില്ല. അത് എന്നെ ഒരു തരത്തിലും നശിപ്പിക്കുന്നില്ല "

ദൈവ വചനം ഇപ്രകാരം പ്രസ്താവിക്കുന്നു- നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ ? ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. (1. കൊരിന്ത്യർ 3:16-17, 1. കൊരി 6:19-20 ).

" എന്റെ ഈ വിശ്വാസങ്ങൾ തെറ്റാണെന്ന് എനിക്ക് തോന്നുന്നില്ല; എന്റെ പാസ്റ്റർ ഇപ്രകാരം പറയുകണ്ടായി........

പക്ഷേ ദൈവ വചനത്തിൽ— " ഞങ്ങൾ മുൻ പറഞ്ഞതു പോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു; നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിന് വിപരീതമായി ആരെങ്കിലും നിങ്ങളോടു് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ " ( ഗലാത്യർ 1:9 ) എന്ന് പറഞ്ഞിരിക്കുന്നു.

" എനിക്ക് തോന്നുന്നില്ല........................................ "

"..........ഞാൻ അത് വിശ്വസിക്കുന്നില്ല..................... "

നിങ്ങൾക്കു് എന്ത് തോന്നുന്നു, നിങ്ങൾ എന്ത് ചിന്തിക്കുന്നു എന്നുള്ളത് പ്രാധാന്യമുള്ള വസ്തുതയല്ല. ദൈവ വചനം എന്ത്

പറഞ്ഞിരിക്കുന്നു, അഥവാ ദൈവം എന്തു ചിന്തിക്കുന്നു എന്നതാണു മുഖ്യം.

''എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു'' (യെശയ്യാവ്. 55:8).

---

# ക്രിസ്തുവിന്റെ സുവിശേഷം

## (രക്ഷാ മാർഗ്ഗം. എബ്രാ. 5:8-9)

എം. കെ. കുര്യൻ, മാമൂണ്ടയിൽ

''ദൈവ പ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി'' എന്നാണ് ദൈവം നല്കിയ രക്ഷാ മാർഗ്ഗമായ ക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ചു സത്യ വേദപുസ്തകം പഠിപ്പിക്കുന്നത്. (2 കൊരി. 4:4).

പരസ്പരം സ്നേഹവും ഐക്യതയുമില്ലാത്ത വചന വിരുദ്ധമായ വിവിധ നാമങ്ങളാൽ അറിയപ്പെടുന്ന നൂറു കണക്കിനു സമുദായ സംഘടനകളായി ക്രൈസ്തവ ലോകം ഭിന്നിച്ചു ചിതറിപ്പോവാനിടയായ കാരണവും ഇത് തന്നെ. എന്നു തന്നെയുമല്ല. ക്രിസ്തുവിന്റെ സുവിശേഷം എന്ന പേരിൽ നൂറു കണക്കിനു രക്ഷാ മാർഗ്ഗങ്ങളും നാം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ സുവിശേഷമോ ഒരേ ഒരു രക്ഷാ മാർഗ്ഗം പഠിപ്പിക്കുന്നു. അത് മനുഷ്യരെ ചിതറിക്കുന്നില്ല. പിന്നെയോ, ഒന്നായി ചേർക്കുകയേ ചെയ്യുന്നുള്ളു (യോഹ. 17:17-21). ആയതിനാൽ ദൈവത്തിന്റെ രക്ഷാ മാർഗ്ഗമായ ക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ചു സത്യ വേദപുസ്തകം എന്ത് പഠിപ്പിക്കുന്നു എന്നു നാം ബോധ പൂർവ്വം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ആ സുവിശേഷം ആരു പ്രസംഗിച്ചു? എപ്രകാരം പ്രസംഗിച്ചു? എപ്പോൾ പ്രസംഗിച്ചു? എന്തിന് പ്രസംഗിച്ചു? എന്ത് പ്രസംഗിച്ചു? സത്യവേദ പുസ്തകം ഇതിന് എന്ത് ഉത്തരം നല്കുന്നു എന്നു നമുക്കു പരിശോധിക്കാം.

സുവിശേഷം ആരു പ്രസംഗിച്ചു? യേശുക്രിസ്തുവിന്റെ അപ്പോസ്തോലന്മാർ. ഒരിക്കൽ യേശുക്രിസ്തു തന്റെ ശിഷ്യ ഗണത്തിൽ നിന്നും പന്ത്രണ്ടു പേരെ പ്രത്യേകം തിരഞ്ഞെടുത്തു

അവർക്കു അപ്പോസ്തോലന്മാർ എന്നു പേർ വിളിച്ചു. ക്രിസ്തുവിന്റെ സന്ദേശ വാഹകന്മാർ എന്നാണ് ആ പേരിന്റെ അർത്ഥം ( ലൂക്കോ. 5:12–17 ). അവരെക്കുറിച്ചു ക്രിസ്തു പഠിപ്പിച്ചത് ഈ പ്രകാരമാണ്. '' ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ അയക്കുന്നവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.'' ഒന്നു് ശ്രദ്ധിച്ചാലും ! ക്രിസ്തു പഠിപ്പിച്ചത് '' എന്നെ കൈക്കൊള്ളുന്നവൻ. ഞാൻ അയക്കുന്നവനെ കൈക്കൊള്ളുന്നു; ഞാൻ അയക്കുന്നവനെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു '' എന്നു അല്ല. ആയതിനാൽ പിതാവായ ദൈവത്തെയും പുത്രനായ ക്രിസ്തുവിനെയും നാം സ്വീകരിക്കേണ്ടത് അപ്പോസ്തോലന്മാർ പ്രസംഗിച്ച സുവിശേഷം മുഖേന ആയിരിക്കണമെന്നാണ് ഇതിന്റെ അർത്ഥം ( യോഹ. 13:20 ), ( യോഹ. 4:6 ).

ആ സുവിശേഷം അവർ എപ്രകാരം പ്രസംഗിച്ചു ?. സ്വർഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ ശക്തി ലഭിച്ചിട്ടു പ്രസംഗിച്ചു, ( 1. പത്രോ. 1:10-12 ), ( ലൂക്കോ.24:46-49 ), ( പ്രവൃ.1:8 ), ( പ്രവൃ. 2:33 ).

ആ സുവിശേഷം അവർ എപ്പോൾ പ്രസംഗിച്ചു ? ക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള ആദ്യത്തെ പെന്തെക്കോസ്തു നാൾ മുതൽ അവരുടെ ജീവാവസാനം വരെ പ്രസംഗിച്ചു. ( പ്രവൃ.2 ) ( എബ്രാ. 13:7 ).

ആ സുവിശേഷം അവർ എന്തിനു പ്രസംഗിച്ചു ? തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ ( രക്ഷ ) പ്രാപിക്കേണ്ടതിനു പ്രസംഗിച്ചു ( മർക്കോ 16:15-16 ), ( റോമ. 1:16 ), ( യോഹ.3:16 ), ( 2 തെസ്സ. 2:13–15 ) ( 2. കൊരി. 4:3 ).

അവർ എന്ത് പ്രസംഗിച്ചു? 1. സുവിശേഷം കേൾക്കണം.
2. യേശുക്രിസ്തുവിൽ വിശ്വസിക്കണം.
3. മാനസാന്തരപ്പെടണം.
4. യേശുവിനെ ഏററു പറയണം.
5. യേശുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണം.

ഈ ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുന്നവർ രക്ഷിക്കപ്പെടുമെന്നും കർത്താവ് അവരെ സഭയോട് ചേർക്കുമെന്നും അവർ വെളിപ്പെടുത്തി. (റോമ. 6:17-18 ) (പ്രവൃ 2:47 ). തുടർന്നു അപ്പോസ്തൊലന്മാർ കാണിച്ച മാതൃക പ്രകാരം, അവർ പഠിപ്പിച്ച കിസ്തുവിന്റെ ഉപദേശത്തിൽ നില നിന്നും ജീവിക്കണമെന്നും,. ആ ജീവിതത്തിന്റെ ഫലം വിശുദ്ധീകരണവും. ആ ജീവിതത്തിന്റെ അന്തം നിത്യ ജീവനുമാകുന്നു എന്നും അവർ പഠിപ്പിച്ചു

( ഫിലി. 3:17-21 ), ( 2. യോഹ. 8,9 ), ( റോമ.6:22 ), എന്നു മാത്രമല്ല അവർ അറിയിച്ചതിനു വിപരീതമായി സുവിശേഷം പഠിപ്പിക്കുന്നവൻ സ്വർഗ്ഗത്തിലെ ഒരു ദൂതനായിരുന്നാൽ തന്നെയും അവൻ ശാപഗ്രസ്തനാണെന്നു അവർ അസന്നിഗ്ദ്ധമായി വെളിപ്പെടുത്തുകയും ചെയ്തു. ( ഗലാ.1:6-9 ), പ്രിയരേ, നാം അനുസരിച്ചു പോരേണ്ടതിന്നു ഇതിലുപരിയായി മററു യാതൊന്നും ദൈവം ( സത്യവേദ പുസ്തകം ) നമ്മോടു കല്പിച്ചിട്ടില്ല. (യെശയ്യാ 29:10-14 ), ( 2. പത്രോ.1:20-21 ), ( ആവ. 18:15-19 ), ( യോഹ. 13:20 ), ( യോഹ. 20,21 ( 1. യോഹ.4:6 ), ( 2. തിമോ. 3:16-17 ).

1). സുവിശേഷം കേൾക്കണമെന്നു് എന്തിനു പഠിപ്പിച്ചു. ? '' ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. അത് ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനം തന്നെ '' ആയതിനാൽ യേശു ക്രിസ്തുവിൽ വിശ്വാസം വരേണ്ടതിന് സുവിശേഷം കേൾക്കണമെന്നു അവർ പഠിപ്പിച്ചു. (റോമർ 10:17, വാക്യം. 8 ) ( 1 തെസ്സ.1:13 ).

2) യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നു എന്തിനു പഠിപ്പിച്ചു ? '' പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി. '' ഇക്കാരണത്താൽ ' മറെറാരുത്തനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല. അതുകൊണ്ടാണ് യേശുവിൽ വിശ്വസിക്കണമെന്ന് അവർ പഠിപ്പിച്ചത്. ( എബ്രാ.5:8-9) ( പ്രവൃ.4:12 ) (പ്രവൃ.16:31 ).

3). മാനസാന്തരപ്പെടണമെന്നു അവർ പഠിപ്പിച്ചതെന്തിന് ? എല്ലായിടത്തും എല്ലാവരും മനസ്സാന്തരപ്പെടണമെന്നു ദൈവം മനുഷ്യരോടു കല്പിക്കുന്നു. കാരണം, മാനസാന്തരപ്പെടാഞ്ഞാൽ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും. അതുകൊണ്ട് മാനസാന്തരപ്പെടണമെന്നു അവർ പഠിപ്പിച്ചു (പ്രവൃ. 17:30 ) (ലൂക്കോ 13:3 ).

4). യേശുവിനെ ഏററു പറയണമെന്ന് എന്തിനു പ്രസംഗിച്ചു ? '' ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും, വായ് കൊണ്ടു രക്ഷക്കായി ഏററു പറകയും ചെയ്യുന്നു. ''(റോമ. 10:9-10) (മത്താ. 10:32). അതു കൊണ്ടു യേശുവിനെ ഏററു പറയണമെന്നു അവർ പ്രസംഗിച്ചു. ഉദാ: (പ്രവൃ. 8:37), (മത്താ. 16:15), (യോഹ. 20;28), (ഫിലി. 2:10-11).

5). യേശുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണം എന്നു് എന്തിനു പ്രസംഗിച്ചു ? '' അതു സ്നാനത്തിനു ഒരു മുൻകുറി. ഏതു്?

ആ പെട്ടകത്തിൽ അല്പജനം എന്നു വെച്ചാൽ എട്ടു പേർ വെള്ളത്തിൽകൂടി രക്ഷ പ്രാപിച്ചു, അതുതന്നെ, സ്നാനമേ ഇപ്പോൾ............ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു (1. പത്രൊ. 3:20-21). സ്നാനം വെള്ളത്തിലുള്ള ഒരു അടക്കമാണ് (കൊലൊ. 2:12), ഇപ്രകാരം സ്നാനത്താൽ നാം വെള്ളത്തിൽ അടക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ മരണത്തിൽ നാം പങ്കാളികളായിത്തീരുന്നു എന്ന് അവർ വെളിപ്പെടുത്തി അതായതു പാപ സംബന്ധമായി മരിച്ചവരായ നാം സ്നാനം ഏല്ക്കണമെന്നുള്ള ഉപദേശം അനുസരിക്കുമ്പോൾ അവന്റെ ക്രൂശുമരണം, അടക്കം, ഉയിർപ്പ് ഇവയുടെ സാദൃശ്യത്തോടു ഏകീഭവിച്ചു പാപത്തിൽ നിന്നു മോചനം പ്രാപിച്ചു, പരിശുദ്ധാത്മാവു എന്ന ദാനം ലഭിച്ചു ആത്മീകമായി ജനിക്കുന്നു. ഇതു നാം വെള്ളത്താലും ആത്മാവിനാലും പുതുതായി ജനിച്ച അഥവാ രക്ഷിക്കപ്പെട്ട അവസ്ഥയാണു്. തന്നിമിത്തം കർത്താവിന്റെ സഭയിലെ അംഗത്വവും നമുക്കു ലഭിക്കുന്നു. (റോമ. 6;3-7) (യോഹ. 3;3-5), (1. കൊരി. 2:12-13) (പ്രവൃ 2;38-47)

പ്രിയരേ, ഇതാണു ക്രിസ്തുവിന്റെ സുവിശേഷം, ഇതാണു സകല സൃഷ്ടിക്കും ദൈവം നല്കിയ രക്ഷാമാർഗ്ഗം (2 തെസ്സ. 2:13-25). സത്യവേദ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം അക്ഷരം പ്രതിസംഭവിച്ചു കൊണ്ടിരിക്കുന്നു എന്നു പറയുന്ന സഹോദരരേ, ഈ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു "നിത്യനാശം" എന്ന ശിക്ഷാവിധി അനുഭവിക്കും എന്നു വേദപുസ്തകം പറയുമ്പോൾ, ആ ദൈവ വചനത്തെ നിങ്ങൾ പുച്ഛിച്ചു തള്ളിക്കളയുന്നതു എന്തു കൊണ്ടു് ? (1കൊരി. 1:18), (2കൊരി 4:3). (എബ്രാ. 2;2-4), (2.തെസ്സ. 1;6-10). അതേക്കുറിച്ചു ദൈവ വചനം ഇപ്രകാരം പഠിപ്പിക്കുന്നു. മനുഷ്യ കല്പനകളായ ഉപദേശങ്ങൾ അനുസരിക്കുന്നതു കൊണ്ടു ജ്ഞാനികളുടെ ജ്ഞാനം നശിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി മറഞ്ഞു പോകയും ചെയ്തിരിക്കുന്നു ആയതിനാൽ ക്രിസ്തുവിന്റെ സുവിശേഷം അഥവാ രക്ഷാമാർഗ്ഗത്തെക്കുറിച്ചും. വേദ പുസ്തകത്തിൽ നിന്നും വെളിപ്പെടുത്തിത്തരുമ്പോൾ, ഇതൊരു പുതിയ ഉപദേശം, ഇതു വരെ ഈ ഉപദേശം എവിടെയായിരുന്നു എന്നെല്ലാം നിങ്ങൾ അഭിപ്രായപ്പെടുവാൻ കാരണവും ഇതുതന്നെ. (യെശ 29:13.14) (മത്താ. 15:9) (1കൊരി. 1;18, 19) (1കൊരി 3;18-23), (2കൊരി. 4;2-4) (യോ. 13:20) (യോ. 4;8).

എന്നാൽ സഹോദരന്മാരെ, നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ, എന്തു കൊണ്ടെന്നാൽ അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ

എത്തുവാനും ഇച്ഛിക്കുന്നു (2പത്രോ. 3:14) (1തിമോ. 2;4). പ്രിയരേ, അപ്പോസ്തലന്മാർ പഠിപ്പിച്ച ക്രിസ്തുവിന്റെ സുവിശേഷമാണു 'സത്യം' (എഫെ. 1:13) (യോഹ. 1:17). അതു ദൈവ വചനമാണു് (1.തെസ്സ. 2:13) ആ സുവിശേഷത്തെക്കുറിച്ചു നമുക്കു പരിജ്ഞാനം ഉണ്ടാകുമ്പോൾ അതു വേദപുസ്തക പരിജ്ഞാനമായി പരിണമിക്കുന്നു. തന്നിമിത്തം അതു നമ്മുടെ രക്ഷക്കു കാരണമായി സംഭവിക്കയും ചെയ്യുന്നു (2.തിമോ. 3:16-19).

ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ചു രക്ഷ പ്രാപിക്കുവാൻ ദൈവം നമുക്ക് ഓരോരുത്തർക്കും കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു

* * *

# തിരുവചനത്തിലെ സഭ

## സഭ എന്നാൽ എന്ത് ?

തിരുവചനം അഥവാ ബൈബിൾ, സഭയെക്കുറിച്ച് പ്രതിപാദിക്കുന്നു എന്നതിൽ ആർക്കും സംശയമില്ല. പക്ഷേ ആരുടെ സഭ? ഏതു സഭ ? എന്തു സഭ ? തുടങ്ങി പല ചോദ്യങ്ങളും പലകാലങ്ങളിലായി അനേകർ ചോദിച്ചു കൊണ്ടിരിക്കുന്നു.......ഈ പശ്ചാത്തലത്തിൽ ബൈബിളിലെ സഭയെക്കുറിച്ച് അല്പം വിശദമായി പല ലേഖനങ്ങളിലൂടെ ( തുടർച്ചയായി ) നമുക്ക് ചിന്തിക്കാം.

എന്താണ് ' സഭ ' അല്ലാത്തത് എന്ന് ആദ്യമായി മനസ്സിലാക്കാം. ഇന്നു നമുടെ ചുററും കാണുകയും അറിയപ്പെടുകയും ചെയ്യുന്ന പേരുകളൊന്നും തിരുവചനത്തിൽ കാണുന്നില്ല. സഭ ഒരിക്കലും നാമധേയ വിഭാഗങ്ങളല്ല, രാഷ്ട്രീയ സംഘടനകളല്ല, സാമൂഹ്യ സേവനത്തിനായി രൂപീകരിക്കപ്പെട്ട വിഭാഗവുമല്ല, കൂടാതെയാദൃശ്ചികമായി കൂടി വരുന്ന ഒരു കൂട്ടവുമല്ല.

ഇവയൊന്നും സഭ അല്ലെങ്കിൽ പിന്നെ എന്താണ് സഭ ?

സഭ എന്നാൽ എന്ത് എന്ന് പലർക്കും അറിയുവാൻ കഴിയാത്തതിനാൽ ഏതാണ് ശരിയായ സഭ എന്ന് പലർക്കും അറിയുവാൻ കഴിയുന്നില്ല. അത്തരക്കാർക്ക് സഭയുടെ ഉദ്ദേശമോ, പ്രത്യേകതയോ, പ്രവർത്തനമോ മനസ്സിലാക്കുവാൻ കഴിയുകയില്ല........ പക്ഷേ ഇവയെക്കുറിച്ചെല്ലാം വിശദമായി തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു.

' എക്ലേസ്യ എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് ' സഭ ' അഥവാ ' വിളിക്കപ്പെട്ടവരുടെ കൂട്ടം ' എന്ന വാക്ക് തർജ്ജമ ചെയ്യപ്പെട്ടത്

അപ്രകാരം സഭ- വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ ഒരു കൂട്ടമാണ് എന്ന് പേരിൽ നിന്നു തന്നെ മനസ്സിലാകുന്നു. ലോകത്തിൽ നിന്നും ദൈവത്തിന്റെ പുത്രന്റെ രാജ്യത്തിലേക്ക് വിളിച്ചു വേർതിരിക്കപ്പെട്ടവർ, (കൊലൊസ്സ്യർ 1:13). ഇവർ ക്രിസ്തുവിന്റെ ആത്മീയ ശരീരമാണ് (1 കൊരിന്ത്യർ 12:27) ക്രിസ്തുവിനെ അനുസരിക്കുന്നവരാണ് ഈ ശരീരത്തോട് ചേർക്കപ്പെടുന്നത് (എബ്രായർ 5:8,9), ക്രിസ്തുവിനാൽ അവർ രക്ഷിക്കപ്പെടുകയും സഭയോടു ചേർക്കപ്പെടുകയും ചെയ്യുന്നു. (മർക്കോസ് 16:16, പ്രവൃത്തികൾ 2:47). മറെറാരു അർത്ഥത്തിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ ശിഷ്യന്മാരാണ് സഭയിൽ ഉൾക്കൊള്ളുന്നത്.

സഭ എന്ന വാക്ക് തിരുവചനത്തിൽ രണ്ട് വ്യത്യസ്ത രൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാമതായി സാർവ്വലൗകികമായി അഥവാ മൊത്തത്തിൽ 'സഭ' എന്ന അർത്ഥത്തിൽ, ഈ അർത്ഥത്തിലാണ് ക്രിസ്തു പത്രോസിനോടു സഭയെ പററി പരാമർശിച്ചതു് 'നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു' മത്തായി 16:18. മൊത്തമായി സഭയെ പററി പരാമർശിക്കുന്ന അനേകം ഭാഗങ്ങൾ വേറെയും വചനത്തിൽ കാണുവാൻ സാധിക്കും. ഈ ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'സഭ' എന്നു ഉദ്ദേശിക്കുന്ന ഭാഗത്തെല്ലാം ഈ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. രണ്ടാമതായി 'പ്രാദേശികസഭയെ' പരാമർശിച്ചുകൊണ്ട് സഭ എന്ന് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. റോമയിലുള്ള സഭയ്ക്കായി പൗലോസ് എഴുതുമ്പോൾ.... 'ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു' എന്നു പറഞ്ഞിരിക്കുന്നു. റോമർ 16:16.

പല സ്ഥലങ്ങളിലായി കൂടിവരുന്ന കൂട്ടായ്മകളാണു ഇവിടെ സഭകൾ എന്നർത്ഥമാക്കുന്നത്. വ്യത്യസ്തങ്ങളായ നാമധേയ സഭകളെ ഉദ്ദേശിച്ചല്ല പൗലോസ് സഭകൾ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. പിന്നെയോ ക്രിസ്തുവിന്റെ സഭയുടെ പല സ്ഥലങ്ങളിലുള്ള വിഭാഗങ്ങളെക്കുറിച്ചാണ്. ഉദാഹരണമായി....വചനത്തിൽ കൊരിന്തിലുള്ള സഭ, എഫെസോസിലുള്ള സഭ, ഫിലിപ്പിയിൽ ഉള്ള സഭ....etc....എന്നും കാണുവാൻ കഴിയും. (1 കൊരിന്ത്യർ 1:2, എഫേസ്യർ 1:1, ഫിലിപ്പിയർ) നാമധേയ വിഭാഗങ്ങളെ മുറുകെ പിടിച്ചു വാദിക്കുന്നവർ....അതാണ് സഭ എന്ന് അവകാശപ്പെടുന്നവർ.... ഈ വിവരണത്തിൽ പലപ്പോഴും തർക്കിക്കാറുണ്ട്. പക്ഷേ തിരുവചനത്തിൽ ഒരിടത്തും നാമധേയ സഭയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടില്ല.

ഇപ്രകാരം പ്രാദേശിക സഭയെല്ലാം ഒന്ന് ചേരുന്നതാണ് സാർവ്വലൗകിക മായ ക്രിസ്തുവിൻെറ സഭ. തിരുവചനത്തിലേയ്ക്ക് സഭയെപററിയുള്ള അന്വേഷണം തിരിച്ചു വിടുന്നവർക്ക് കർത്താവ് നിർമ്മിച്ചതായി സഭയെ കണ്ടെത്തുവാൻ കഴിയും.

സഭയെപ്പററി കൂടുതലായി മനസ്സിലാക്കുന്നതിന്....തിരുവചനത്തിൽ എപ്രകാരമാണ് സഭയെപററി വിവരിക്കുന്നത് എന്നു നോക്കാം.

1. ക്രിസ്തുവിൻെറ ശരീരം. ക്രിസ്തു തലയായിട്ടുള്ള, ക്രിസ്തുവിൻെറ ആത്മീയ ശരീരമാണ് സഭ എന്ന് പറഞ്ഞിരിക്കുന്നു. (എഫേസ്യർ 5:23) ശരീരം ഒന്നുമാത്രം. (എഫേസ്യർ 4:4) ആ ഏക ശരീരമാണ് ഏകസഭ.... (കൊലൊസ്സ്യർ 1:18).

2. ദൈവത്തിൻെറ ഭവനം. തിരുവചനത്തിൽ ഭവനം എന്നർത്ഥമാക്കുന്നത്....കുടുംബം എന്നാണ്. അതായത് സഭ എന്നത് ദൈവത്തിൻെറ കുടുംബമാണ്. പൗലോസിൻെറ വാക്കുകളിൽ 1. തിമോഥെയോസ് 3:15-ൽ 'ജീവനുള്ള ദൈവത്തിൻെറ സഭയാകുന്ന ദൈവത്തിൻെറ ആലയം.' എന്ന് സഭയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. ദൈവം പിതാവും നാം അവൻെറ പുത്രന്മാരും ആയി തീർന്നിരിക്കുന്നു. (ഗലാത്യർ 3:26,27 എഫേസ്യർ 1:3).

3. ദൈവ രാജ്യം. രാജ്യത്തിന് ഒരു രാജാവ് ആവശ്യമാണ്. ക്രിസ്തു ആണ് ദൈവ രാജ്യത്തിൻെറ രാജാവ്. (വെളിപ്പാട് 17:14) ക്രിസ്തു രാജാവായിരിക്കുന്നതിനാൽ രാജ്യം ആവശ്യമാണ്. (പ്രവൃത്തികൾ 8:12. ക്രിസ്ത്യാനികളായ നാമാണ് ആ രാജ്യത്തിലെ പ്രജകൾ. ലോകം ഈ രാജ്യത്തിൻെറ അതിരും. പുതിയ നിയമമാണ് ഈ രാജ്യത്തിൻെറ നിയമം....സഭ....ആകുന്നു ഈ രാജ്യം. (മത്തായി 6:18,19).

4. കർത്താവിൻെറ മുന്തിരിത്തോട്ടം. ക്രിസ്തു മുന്തിരിവള്ളിയും ക്രിസ്ത്യാനികൾ കൊമ്പുകളുമാകുന്നു. (യോഹന്നാൻ 15:1-8). ക്രിസ്ത്യാനികളുടെ ജീവിതത്തിൽ പുറപ്പെടുവിക്കേണ്ട ഫലങ്ങളെ പരാമർശിച്ചാണ് അവരെ കൊമ്പുകളായി ചിത്രീകരിച്ചിരിക്കുന്നത്.

മേൽ ഉദ്ധരിച്ച പ്രകാരം സഭയെ. വിവരിച്ചിരിക്കുന്നു. ഭയവായി ഇവ തിരുവചനത്തിൻെറ വെളിച്ചത്തിൽ പഠിക്കുകയും നിങ്ങൾ സ്വയമായി തീരുമാനിക്കുകയും ചെയ്യുമല്ലോ. നിങ്ങൾ എപ്രകാരമാണ് സഭയെ കാണേണ്ടത് എന്ന് ദൈവം നിശ്ചയിച്ചിരിക്കുന്നുവോ, അപ്രകാരം നിങ്ങൾ സഭയെക്കുറിച്ച് മനസ്സിലാക്കുമ്പോൾ.........സഭയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായവും, നിങ്ങളുടെ ജീവിതവും കൂടി, മാററപ്പെടും. അതിന് ദൈവം നിങ്ങളെ സഹായിക്കട്ടെ !

* * *

# വാർത്തകൾ

## കുരിശിലേററൽ-ഇന്നും

കൽക്കത്തയിലെ ഷിമുൽദ എന്ന ഒരു ഉൾഗ്രാമത്തിൽ 35 വയസ്സുള്ള മൊല്ലയേയും 28 വയസ്സുള്ള അക്ബർ അലിയേയുമാണ് മെയ് 29 -ാം തീയ്യതി മരത്തിൽ തറച്ചത്. പൂർവ്വ വൈരാഗ്യമാണ് ഈ ക്രൂരകൃത്യത്തിന് പിന്നിലെന്നു സംശയിക്കപ്പെടുന്നു. പോലീസ് അധികൃതർ വെളിപ്പെടുത്തിയതാണിത്.

## തർക്കം തീർന്നു.

കൊച്ചുവേളിപള്ളി പരിസരത്തെ കച്ചവടക്കാരും പള്ളിക്കാരും തമ്മിൽ നില നിന്നിരുന്ന തർക്കം പോലീസ് കമ്മീഷണർ ഗോപിനാഥന്റെ സാന്നിദ്ധ്യത്തിൽ ഒത്തുതീർപ്പായി. സ്ഥലത്തെ ഷോപ്പുകൾ കച്ചവടക്കാർ ഒഴിഞ്ഞു കൊടുക്കണമെന്നതിനെ ചൊല്ലിയായിരുന്നു തർക്കം.

## ജൂത സിനഗോഗ്.

കേരളത്തിൽ ഇന്ന് അവശേഷിക്കുന്ന ഏതാനം പള്ളകളിൽ A. D. 1568-ൽ പോർച്ചുഗീസുകാരാൽ സ്ഥാപിതമായി എന്നു പറയപ്പെടുന്ന കൊച്ചിയിലെ ഈ സിനഗോഗിനുമാത്ര മാണ് 2 പൂമുഖ്പ്പിററുകൾ ഉള്ളത്. വിചിത്രമായ തറയോടുകളും ഗ്ലാസ്സുകളും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു. പുരാതനമായ ഈ പള്ളിയിൽ ഇടവകാംഗങ്ങളായി ഉള്ളതു മുപ്പത്തൊന്നു പേർ മാത്രം.

വികാരി.

# തിരുവചനത്തിലെ സഭ

### തുടർച്ച

ഒരു രാത്രികൊണ്ടു് നിലവിൽ വന്നതല്ല സഭ പിന്നെയോ മുൻകൂട്ടി ആസൂത്രണം ചെയ്യപ്പെട്ടതും, പ്രവചിക്കപ്പെട്ടതും, വാഗ്ദാനം ചെയ്യപ്പെട്ടതും തുടർന്നു സ്ഥാപിക്കപ്പെട്ടതുമായ ഒന്നാണ്, തിരുവചനത്തിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്ന സഭ.

ആദ്യമായി....ദൈവത്തിന്റെ കല്പനയിൽ സഭ നിലവിലുണ്ടായിരുന്നു. പൗലോസ് എഫേസോസിലുള്ള വിശുദ്ധന്മാർക്കു് എഴുതുമ്പോഴും ഇതു വ്യക്തമാക്കുന്നു.–'' സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോക സ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദ പ്രകാരം യേശു ക്രിസ്തു മുഖാന്തിരം നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലൊ '' എഫേസ്യർ 1:3-6

എഫേസ്യയിലുള്ള ക്രിസ്ത്യാനികളുടെ അറിവിലേയ്ക്കാണ് പൗലോസ് ഈ ഭാഗം രേഖപ്പെടുത്തിയിരിക്കുന്നതു്. ലോകാരംഭത്തിനു മുൻപുതന്നെ ദൈവം തന്റെ ജനത്തെക്കുറിച്ചു ചിന്തിച്ചിരുന്നു. മറെറാരർത്ഥത്തിൽ ദൈവത്തിന്റെ സഭയെക്കുറിച്ചു് ലോകാരംഭത്തിനു മുൻപുതന്നെ ദൈവം രൂപകല്പന നല്കിയിരുന്നു. എന്നു് വ്യക്തം.

രണ്ടാമതായി.... പ്രവചനങ്ങളിലൂടെ പല സമയങ്ങളിലായി സഭയെ പററി രേഖപ്പെടുത്തിയിട്ടുണ്ടു്. യെശയ്യാപ്രവാചകൻ ഇപ്രകാരം പ്രവചിച്ചു-'' അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും '' യെശയ്യാവു് 2:2–3 യോവേൽ പ്രവാചകന്റെ വാക്കുകളിൽ- '' അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും '' (യോവേൽ 2:28-29). എന്നു് എഴുതിയിരിക്കുന്നു. പ്രവാചകനായ ദാനിയേൽ 2:44-ൽ ഇപ്രകാരം ചൂണ്ടികാട്ടി '' ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശി

ച്ചു പോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കും ഏല്പിക്കപ്പെടുകയില്ല, അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കയും ചെയ്യും ". ഈ പ്രവചന ഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാവുന്ന ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. അന്ത്യകാലത്താണ് ഈ രാജ്യം സ്ഥാപിതമാകുന്നതു്
2. പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതമാകും.
3. സകല ജാതികളും അതിലേയ്ക്കു് ഒഴുകിച്ചെല്ലും
4. കർത്താവു് സകല ജഡത്തിന്മേലും തന്റെ ആത്മാവിനെ പകരും
5. റോമാ സാമ്രാജ്യ കാലത്തു് ഈ രാജ്യം സ്ഥാപിക്കപ്പെടും ( നാലാം സാമ്രാജ്യകാലത്ത് )
6. മററു രാജത്വങ്ങളെ അതു തകർക്കുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യും.

എപ്പോഴാണ് ഇതെല്ലാം നിവർത്തിയായതു്. ദയവായി അപ്പോസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായം വായിക്കുക.

മൂന്നാമതായി.... സഭ വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാണ്. യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചു–" ദൈവ രാജ്യം സമീപിച്ചിരിക്കുന്നു....." മത്തായി 3:2 അതായത് വളരെ അടുത്തു എന്നർത്ഥം. ക്രിസ്തു ഇപ്രകാരം പറഞ്ഞു- " നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല........" (മത്തായി 16:18) കൂടാതെ മർക്കോസ് 9:1-ൽ ക്രിസ്തുവിന്റെ വാക്കുകൾ ഇങ്ങനെ കാണുന്നു- "....ദൈവ രാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. " ലൂക്കോസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു " ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിനു നിങ്ങൾ സാക്ഷികൾ ആകുന്നു. എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും, നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു " ലൂക്കോസ് 24:46–49

ഈ വാക്യങ്ങളുടെ പശ്ചാത്തലത്തിൽ വ്യക്തമായ ചില കാര്യങ്ങൾ ഇവയാണ്—.

1. ദൈവ രാജ്യം സമീപമായിരുന്നു.
2. ക്രിസ്തു അതു് പണിയുമെന്നു വാഗ്ദാനം നല്കി.
3. ദൈവ രാജ്യം സ്ഥാപിതമായപ്പോൾ ക്രിസ്തുവിനോടു കൂടെ

ജീവിച്ചിരുന്നവർ ജീവനോടെ ഉണ്ടായിരുന്നു. അതായതു് ക്രിസ്തുവിനോടുകൂടി ജീവിച്ചിരുന്നവർ ദൈവരാജ്യം കാണും. എന്ന വാഗ്ദാനം.

4. അതു് ശക്തിയോടെയാണ് വന്നതു്.
5. മാനസാന്തരവും പാപമോചനവും ക്രിസ്തുവിന്റെ നാമത്തിൽ എല്ലായിടത്തും പ്രസംഗിച്ചിരുന്നു.
6. യെരുശലേമിലാണ് ദൈവരാജ്യം ആരംഭിച്ചതു്.
7. യെരുശലേമിൽ വച്ചു് അപ്പോസ്തലന്മാർക്കു് ഉയരത്തിൽ നിന്നു ശക്തി ലഭിച്ചു.

സഭ സ്ഥാപിതമായതെങ്ങനെ എന്നു നാം തുടർന്നു ചിന്തിക്കുന്ന സമയത്തു് ഈ കാര്യങ്ങൾ വിശദമായി മനസ്സിലാക്കുവാൻ കഴിയും. അപ്പോസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായം ശ്രദ്ധയോടെ വീണ്ടും വീണ്ടും വായിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സഭ സ്ഥാപിതമായതു് എന്ന കാര്യത്തിൽ ബൈബിൾ പണ്ഡിതന്മാർക്കു് യാതൊരു സംശയവുമില്ല. ആ കാലം മുതൽ സഭ നിലവിലിരിക്കുന്നു. ഇങ്ങനെ ദൈവം ആദി മുതൽ രൂപ കല്പന ചെയ്തിരുന്ന തന്റെ സഭ ഈ ഭൂമുഖത്തു് സ്ഥാപിതമായിരിക്കുന്നു....ഇതിനെക്കുറിച്ചുള്ള പ്രവചനങ്ങളെല്ലാം പൂർത്തീകരിക്കപ്പെടുകയും, വാഗ്ദാനങ്ങളെല്ലാം നിറവേറുകയും ചെയ്തു.

---

# അനുസരണത്തിന്റെ ആവശ്യകത

വിശ്വാസം ഒരു വലിയ സത്യമാണ്. തിരുവചനത്തിൽ എബ്രായർ 11: 6-ൽ ഇപ്രകാരം പറയുന്നു. എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു് എന്നും തന്നെ അന്വേഷിക്കുന്നവർക്കു് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ കൂടാതെ രണ്ടു തരത്തിലുള്ള വിശ്വാസത്തെ പററിയും ബൈബിൾ വ്യക്തമായി സംസാരിക്കുന്നു. ആരെയും നീതീകരിക്കുവാനോ രക്ഷിക്കുവാനോ കഴിയാത്ത മരിച്ച വിശ്വാസവും....(നിർജ്ജീവം)....കൂടാതെ മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കുകയും നീതീകരിക്കുകയും ചെയ്യുന്ന ജീവനുള്ള വിശ്വാസമെന്നും. നിർജ്ജീവമായ വിശ്വാസത്തെ പ്രവർത്തിയില്ലാത്ത, അഥവാ ദൈവ കല്പനകളെ അനുസരിക്കാത്ത വിശ്വാസമെന്നും പ്രസ്താവിച്ചിരിക്കുന്നു. ജീവനുള്ളതും രക്ഷ നല്കുന്നതുമായ വിശ്വാസം ദൈവഹിതം അനുസരിക്കുന്നു.

പരിശുദ്ധാത്മ നിയോഗത്താൽ യാക്കോബ് ഇപ്രകാരം എഴുതി '' സഹോദരന്മാരേ ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു് എന്നു പറകയും പ്രവർത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു്?

ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു് സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്കു് ആവശ്യമുള്ളതു് കൊടുക്കാതിരുന്നാൽ ഉപകാരം എന്തു് ? അങ്ങനെ വിശ്വാസവും പ്രവർത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു. എന്നാൽ ഒരുത്തൻ: നിനക്കു വിശ്വാസം ഉണ്ടു് ; എനിക്കു് പ്രവർത്തികൾ ഉണ്ടു് എന്നു പറയുമായിരിക്കും നിന്റെ വിശ്വാസം പ്രവർത്തികൾ കൂടാതെ കാണിച്ചുതരിക; ഞാനും എന്റെ വിശ്വാസം പ്രവർത്തികളാൽ കാണിച്ചുതരാം ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ കൊള്ളാം; പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറക്കയും ചെയ്യുന്നു. വ്യർത്ഥ മനുഷ്യാ, പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ? (യാക്കോബ് 2:14-20) തുടർന്നു് എഴുത്തുകാരൻ അബ്രഹാമിനെ ഉദ്ധരിച്ചുകൊണ്ടു് പറയുന്നു '' നമ്മുടെ പിതാവായ അബ്രഹാം തന്റെ മകനായ യിസ്സഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ടു പ്രവർത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടതു് ? അവന്റെ പ്രവർത്തിയോടു കൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവർത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ. അബ്രഹാം ദൈവത്തെ വിശ്വസിക്കുകയും അതു അവനു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവനു ദൈവത്തിന്റെ സ്നേഹിതൻ എന്ന പേർ പ്രാപിച്ചു. അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവർത്തികളാൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു (യാക്കോബ് 2:21-24) 25ഉം 26ഉം വാക്യങ്ങളിൽ.... അവസാനമായി യാക്കോബ് ഇങ്ങനെ എഴുതി- അവ്വണ്ണം രാഹാബ് എന്ന വേശ്യയും ദൂതരെ കൈക്കൊൾകയും വേറൊരു വഴിയായി പറഞ്ഞയക്കുകയും ചെയ്തതിൽ പ്രവർത്തികളാൽ അല്ലയോ നീതീകരിക്കപ്പെട്ടതു് ? ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവർത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു.

എബ്രായ ലേഖനം 11–ാം അദ്ധ്യയത്തിൽ വിശ്വാസത്താൽ നീതീകരിക്കപ്പെട്ട അനേകം വ്യക്തികളെക്കുറിച്ചു് പറഞ്ഞിരിക്കുന്നു. വിശ്വാസത്തോടൊപ്പം അവർ പ്രദർശിപ്പിച്ച പ്രവർത്തികളെയാണ് യഥാർത്ഥത്തിൽ എഴുത്തുകാരൻ അവിടെ ചൂണ്ടിക്കാണിക്കുന്നതു് ഉദാഹരണമായി 4-ാം വാക്യം മുതൽ ആരംഭിക്കുമ്പോൾ- ഇങ്ങനെ പറഞ്ഞിരിക്കുന്നു. '' വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിനു് സാക്ഷ്യം

കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതായി അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു അവൻ എടുക്കപ്പെട്ടതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു........ വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ചു അരുളപ്പാടുണ്ടായിട്ടു ഭയഭക്തിപൂണ്ടു തന്റെ കുടുംബത്തിന്റെ രക്ഷക്കായിട്ടു ഒരു പെട്ടകം തീർത്തു, അതനാൽ അവൻ ലോകത്തെ കുററം വിധിച്ചു വിശ്വാസത്താലുള്ള നീതിക്കു അവകാശിയായി തീർന്നു. വിശ്വാസത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. " Etc (എബ്രായർ 11:4-8).

എബ്രായർ 11-ാം അദ്ധ്യായവും യാക്കോബ് 2-ാം അദ്ധ്യായവും പൂർണ്ണമായി വായിക്കണമെന്നു ഞാൻ പ്രബോധിപ്പിക്കുന്നു.

ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ വിശ്വാസം മാത്രം മതി ഒരുവൻ രക്ഷിക്കപ്പെടും എന്നു് എങ്ങനെ പറയാൻ സാധിക്കും? ആം. വിശ്വാസം മൂലം രക്ഷിക്കപ്പെടും എന്നുള്ളതു് ശരിയാണ്. പക്ഷേ പാപങ്ങളെ കുറിച്ചു് മാനസാന്തരപ്പെടുക (പ്രവർത്തി 17:30). ക്രിസ്തുവിനെ ഏററുപറയുക (റോമർ 10: 9, 10) സ്നാനപ്പെടുക (പ്രവർ 2:38) തുടങ്ങി രക്ഷയ്ക്കു് ആവശ്യമായ ദൈവ കല്പനകളെ അനുസരിക്കുന്നതിനു് വിശ്വാസം നമ്മെ വഴി നടത്തണം.

ക്രിസ്തു പറഞ്ഞതു് ശ്രദ്ധിക്കുക- " എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു് " മത്തായി 7:21 ആയതിനാൽ ദൈവഹിതത്തെ അനുസരിക്കുകയാണ് നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കുള്ള അടിസ്ഥാനം എന്നതിൽ സംശയമില്ല.

ഇന്നു നമ്മെക്കുറിച്ചുള്ള ദൈവഹിതമെന്താണ്? " ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും, പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോടു് അരുളി ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളി ചെയ്തിരിക്കുന്നു. എബ്രായർ 2:1-2.

ദൈവം നമ്മോടു് തന്റെ പുത്രൻ മുഖാന്തിരം സംസാരിച്ചിരിക്കുന്നു. ക്രിസ്തു നമ്മോടു് പറഞ്ഞിട്ടുള്ളതു് അനുസരിക്കുമ്പോഴം നാം ദൈവത്തിന്റെ ഹിതം അനുസരിക്കുന്നു....

വിശ്വാസത്തെപററിയും (യോഹന്നാൻ 8:24) മാനസ്സാന്തരത്തെ

പററിയും (ലൂക്കോസ് 13:3) ഏററുപറച്ചിലിനെക്കുറിച്ചും (മത്തായി 10:32) സ്നാനത്തെ പററിയും (മർക്കോസ് 16:16) യേശു ക്രിസ്തു ആജ്ഞാപിച്ചിരുന്നില്ലേ? തന്നെ അനുസരിക്കുന്ന ഏവർക്കും ക്രിസ്തു നിത്യരക്ഷയുടെ കാരണ ഭൂതനായി തീരുന്നു എന്നു് ഓർമ്മിക്കുക. (എബ്രായർ 5:9).

# കള്ള പ്രവാചകന്മാരെ സൂക്ഷിക്കുക.

**സാജു ജോർജ്ജ്**

കർത്താവായ യേശു ക്രിസ്തു കള്ളപ്രവാചകന്മാരെക്കുറിച്ചും ഉപദേഷ്ടാക്കളെക്കുറിച്ചും.... അവർ നിങ്ങളെ വഴി തെററിക്കുവാൻ ശ്രമിക്കുമെന്നും ശിഷ്യന്മാരോടു മുൻകൂട്ടി പറഞ്ഞു. അകമെ കടിച്ചു കീറുന്ന ചെന്നായ്ക്കളായ അവർ ആടുകളുടെ വേഷം ധരിച്ചു് അവരുടെ അടുക്കൽ എത്തും എന്നു് പറഞ്ഞു. (മത്തായി 7:15) ആയതിനാൽ തന്റെ ശിഷ്യന്മാർ എപ്രകാരം അവരെ തിരിച്ചറിയേണം എന്നും യേശു ഉപദേശിച്ചു....യേശു പറഞ്ഞു.... " അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു് അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്നു് അത്തിപ്പഴവും പറിക്കാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിനു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിനു നല്ല ഫലവും കായ്പ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും ". (മത്തായി 7:16–20).

ക്രിസ്തുവിന്റെ നാളുകളിൽ ന്യായ പ്രമാണത്തെക്കുറിച്ചു് എറിവുള്ളവരായി പരീശന്മാരും, സദൂക്യരും, ശാസ്ത്രിമാരും ഉണ്ടായിരുന്നു....അവർ മാനുഷ കല്പനകളായ ഉപദേശങ്ങളെ ഉപദേശിച്ചിരുന്നതിനാൽ അവരുടെ ആരാധന വ്യർത്ഥമായിരുന്നു. ( മർക്കോസ് 7:7). യേശു അവരുടെ ആചാരങ്ങളെ പരാമർശിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു. " കപട ഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു് ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്കു് സ്വർഗ്ഗ രാജ്യം അടച്ചുകളയുന്നു. നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല........നിങ്ങൾക്കു് ഹാ കഷ്ടം; നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നി

ങ്ങൾക്കു് കടുപ്പമേറിയ ശിക്ഷാവിധി വരും; കപട ഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു് ഹാ കഷ്ടം, നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുററി നടക്കുന്നു; ചേർന്നശേഷം അവനെ നിങ്ങളേക്കാൾ ഇരട്ടി നരകയോഗ്യൻ ആക്കുന്നു. ( മത്തായി 23: 13–15 )

യേശു അവരെ അന്ധരായ വഴികാട്ടികൾ, ബുദ്ധിഹീനർ, ദൈവത്തിന്റെ പ്രവാചകന്മാരെ കുലചെയ്തവർ....എന്നിങ്ങനെ വിളിച്ചു. അവർ നീതിമാന്മാരായി ഭാവിച്ചുകൊണ്ടും, നീതി പ്രസംഗിച്ചുകൊണ്ടും ന്യായ പ്രമാണങ്ങൾ അനുസരിക്കുന്നവരായും പ്രത്യക്ഷപ്പെടുമെങ്കിലും..... അവർ യഥാർത്ഥത്തിൽ ആട്ടിൻ തോൽ ധരിച്ച ചെന്നായ്ക്കൾ ആകുന്നു.... അവർ നിരപരാധികളെ പിച്ചിചീന്തുന്നു. യേശു ഇത്തരത്തിലുള്ള അബദ്ധ പ്രവാചകന്മാരെ മനസ്സിലാക്കുന്നതിനും, യഥാർത്ഥത്തിലുള്ള ദൈവ വേലക്കാരെ മനസ്സിലാക്കുന്നതിനും അവരുടെ പ്രവർത്തികൾ അഥവാ ഫലങ്ങൾ നമ്മെ സഹായിക്കുമെന്നു് ഉപദേശിച്ചു....നല്ലതിനു് ചീത്തയായ ഫലം കായ്പാൻ കഴിയുകയില്ല. ചീത്ത വൃക്ഷത്തിനു് നല്ല ഫലവും പുറപ്പെടുവിക്കുവാൻ സാദ്ധ്യമല്ല.

ഇതേ സാഹചര്യം തന്നെയല്ലേ നാം ഇന്നു നമുക്കു ചുററും കാണുന്നതു്. ദൈവത്തിന്റെ ജനവും സഭയുമായ ക്രിസ്ത്യാനികൾ.... കൂടാതെ പല പേരുകളിലും, ആചാരങ്ങളും, പ്രവർത്തികളുമായി വിവിധങ്ങളായ മററനവധി സഭകളും, ഇന്നു് ലോകത്തിൽ കാണുന്നു.

ദൈവത്തിൽ നിന്നു് എന്നു് അവകാശപ്പെട്ടുകൊണ്ടു് പല ഉപദേഷ്ടാക്കന്മാരും, പ്രാസംഗികരും ലോകത്തിൽ സഞ്ചരിക്കുന്നു.... ദൈവ വചനം സംസാരിക്കുന്നുവെന്ന്, അവർ അവകാശപ്പെടുന്നു.... നമ്മെ വളരെയധികം സ്നേഹിക്കുന്നതായി അവർ ഭാവിക്കുന്നു....ദൈവ വചനം ശരിയായി പഠിക്കുവാൻ കഴിയാത്തവർ, അതിനു സമയം ലഭിക്കാത്തവർ ഈ ഉപദേശം വിശ്വസിക്കുന്നു.... അംഗീകരിക്കുന്നു.

അവരുടേതായ ഉപദേശങ്ങൾ പഠിപ്പിക്കുന്നതിനോടൊപ്പം ഇത്തരക്കാർ നമ്മുടെ കാതുകൾക്കു് കുളിർമ്മയേകുന്നു. നമ്മെ പ്രീതിപ്പെടുത്തുന്ന, സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ അവതരിപ്പിക്കുന്നു. ദൈവ വചനത്തിനു വിരുദ്ധമായി ജീവിക്കുന്നവരെ ഈ ഉപദേഷ്ടാക്കന്മാർ നീതിമാന്മാരായി പരിഗണിക്കുന്നു.

ഇത്തരക്കാരെയും അവരുടെ ഉപദേശങ്ങളെയും നമുക്കു് എങ്ങനെ തിരിച്ചറിയാം ? ക്രിസ്തു അരുളിച്ചെയ്തതുപോലെ അവരുടെ ഫലങ്ങളാൽ ! ഇത്തരം ഉപദേശങ്ങളുടെ ഫലമായി.... അവരെ അനുസരിക്കുന്നവരാൽ മാനുഷിക നിർമ്മിതങ്ങളായ സഭകൾ ഉടലെടുക്കുന്നു....മ

നുഷ്ഠിക നാമങ്ങളിൽ-ദൈവ വചനത്തിനു വിരുദ്ധമായി ഉപദേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

ആയതിനാൽ സുഹൃത്തുക്കളെ, ഇത്തരക്കാരെ സൂക്ഷിക്കുക. നിങ്ങൾ നശിച്ചു പോകുവാൻ അവർ ഇടവരുത്തും, നിങ്ങൾ സത്യം അറിയണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ അതു് അന്വേഷിക്കുക. വിശ്വസിക്കുക....അതിനെ അനുസരിക്കുക.... അങ്ങനെ ക്രിസ്തു അരുളി ചെയ്തതു പോലെ ആഗ്രഹിച്ചതുപോലെ ആയി തീരുന്നു,

സത്യത്തോടും, അതിനുവേണ്ടി ജീവിക്കുന്നവരോടുമുള്ള ഈ അബദ്ധ പ്രവാചകന്മാരുടെ പ്രതികരണം.... ദൈവ വചനത്തെ അനുസരിച്ചു ജീവിക്കുന്ന ഞങ്ങൾ കള്ളപ്രവാചകന്മാരോ എന്നുള്ളതാണ്

ദൈവത്തിന്റെ സത്യത്തിന് വിരുദ്ധമായിട്ടു് ഉപദേശിക്കുന്ന, പ്രസംഗിക്കുന്ന കള്ള പ്രവാചകന്മാർ ലോകത്തിൽ കടന്നു വരുന്നു എന്നു ചൂണ്ടികാട്ടിയ യേശുക്രിസ്തു കള്ള പ്രവാചകനായിരുന്നോ നമുക്കു ചുററും പ്രചരിക്കപ്പെടുന്ന ഉപദേഷ്ടാക്കന്മാരും ഉപദേശങ്ങളും ദൈവ വചനത്തിൽ പറഞ്ഞിട്ടുള്ളതല്ലേ, വചനം അനുസരിച്ചിട്ടുള്ളതല്ല എന്ന് വചനം മുഖാന്തരം ചൂണ്ടികാട്ടുന്ന നമ്മൾ കള്ള പ്രവാചകന്മാരാണോ ?

ആയതിനാൽ ഫലത്തിൽ നിന്നു് ദൈവ വചനം ഉപദേശിക്കുന്നവരെയും, അതിനു വിരുദ്ധമായി പഠിപ്പിക്കുന്നവരെയും. നാം വിവേചിക്കേണ്ടിയിരിക്കുന്നു. മറെറാരവസരത്തിൽ കർത്താവു് ഇപ്രകാരം പറഞ്ഞു— '' ആരെങ്കിലും നിങ്ങളോടു ഇതാ, ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുതു്. കള്ള ക്രിസ്തുക്കളും, കള്ള പ്രവാചകന്മാരും എഴുന്നേററു കഴിയുമെങ്കിൽ വൃതന്മാരെയും തെററിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. ഓർത്തു കൊൾവിൻ; ഞാൻ മുമ്പു കൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു, ആകയാൽ നിങ്ങളോടു: അതാ അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുതു്, ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുതു് '' (മത്തായി, 24:23-26) ക്രിസ്തു പറഞ്ഞതു് നിങ്ങൾക്കു് മനസ്സിലായി എന്നു വിശ്വസിക്കുന്നു. ക്രിസ്തു എന്നു് അവകാശപ്പെട്ടുകൊണ്ടു് അത്ഭുതങ്ങളോടും അടയാളങ്ങളോടും കൂടെ പലരും വരും, അവരെ വിശ്വസിക്കരുതു്. എന്തെന്നാൽ അവർ അബദ്ധ പ്രവാചകന്മാരാണ്.

ഈ കാലത്തിലും ഇത്തരക്കാർ നമ്മുടെ ചുററും കാണുന്നില്ലേ ? പല അത്ഭുതങ്ങൾ, അടയാളങ്ങൾ അവർ അവകാശപ്പെടുന്നു, രക്ഷകനായി, ശ്രേഷ്ഠന്മാരായി അവർ പരിഗണിക്കപ്പെടുന്നു....ക്രിസ്തു എന്നു വരും എന്നു് തങ്ങൾക്കറിയാമെന്നു് അവർ പറയുന്നു....ഈ ലോകത്തിൽ ഇത്തരക്കാർ അനവധി ഉണ്ടു്. ആയിരക്കണക്കിനു് ജന

ങ്ങൾ ഇവരാൽ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, ജനങ്ങൾ ദൈവ വചനം വായിച്ചു മനസ്സിലാക്കിയിരുന്നെങ്കിൽ ഇത്തരക്കാരെക്കുറിച്ചു് ക്രിസ്തു പറഞ്ഞിരുന്നതു് ഓർമ്മിക്കുമായിരുന്നു....ഇവരുടെ അവകാശങ്ങൾ അബദ്ധമാണെന്നു് അവർ മനസ്സിലാക്കുമായിരുന്നു (മത്തായി 24;36).

അപ്പോസ്തലനായ പൗലോസ് ഫിലിപ്പിയയിലുള്ള ക്രിസ്ത്യാനികളെ ഇപ്രകാരം താക്കീതു ചെയ്തു. "നായ്ക്കളെ സൂക്ഷിപ്പിൻ അകാത്ത വേലക്കാരെ സൂക്ഷിപ്പിൻ; വിച്ഛേദനക്കാരെ സൂക്ഷിപ്പിൻ" (ഫിലിപ്പിയർ 3:2). കൊലൊസ്സ്യയിലുള്ള ക്രിസ്ത്യാനികളോടു് ഇപ്രകാരം എഴുതി.... "തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ടു് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിൻെറ ആദ്യ പാഠങ്ങൾക്കു് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല." (കൊലോസ്സ്യർ 2:8);

യോഹന്നാൻ തൻെറ ലേഖനത്തിൽ ഇപ്രകാരം എഴുതി- "ക്രിസ്തുവിൻെറ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ടു് ഒരുത്തൻ ഈ ഉപദേശവും കൊണ്ടു് അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുതു്; അവനു കുശലം പറയുകയും അരുതു്, അവനു കുശലം പറയുന്നവൻ അവൻെറ ദുഷ് പ്രവർത്തികൾക്കു കൂട്ടാളിയല്ലോ. (2 യോഹന്നാൻ 9-11).

റോമിലുള്ള ക്രിസ്ത്യാനികളോടു് സംസാരിക്കുമ്പോൾ പൗലോസ് പറഞ്ഞു.... "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ഭിന്ദ പക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു് അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറിനെ യത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളയുകയും ചെയ്യുന്നു." (റോമർ 16: 17-18).

എപ്രകാരമാണ് വിഭാഗങ്ങൾ ഉണ്ടാകുന്നതു് ? പല വഴികൾ ഉണ്ടെങ്കിലും ഏററവും കൂടുതൽ ഉപയോഗിക്കപ്പെടുന്നതു് തെററായ ഉപദേശങ്ങളാകുന്ന വഴിയാണ്. സത്യം ഐക്യത ഉണ്ടാക്കുന്നു. ആ സത്യത്തിനു വിരുദ്ധമായ ഒരു ഉപദേശം വരുമ്പോൾ അവിടെ ഐക്യത നഷ്ടപ്പെടുന്നു.... വിഭാഗിക്കപ്പെടുന്നു. വിഭാഗങ്ങൾ ഉണ്ടാകുന്നതിനു് കാരണക്കാരായ ഈ അബദ്ധ ഉപദേഷ്ടാക്കന്മാരെ എന്തു ചെയ്യേണം എന്നു് പൗലോസ് വ്യക്തമാക്കുന്നു. അവർക്കു് ഒരിക്കലും ദൈവത്തെ സേവിക്കുവാൻ യോഗ്യതയില്ല.

സഭയക്കു പുറമെ മാത്രമല്ല, സഭയ്ക്കു് ഉള്ളിലും കള്ള പ്രവാചകന്മാരെ കാണുവാൻ സാധിക്കും. ഇത്തരക്കാർ ഉണ്ടാകുന്നതിന്റെ കാരണം— അവരുടെ മാനസാന്തര അനുഭവം യഥാർത്ഥമായിരിക്കുകയില്ല, സത്യം ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ സാധിച്ചില്ല. എന്നുള്ളതുതന്നെ മനുഷ്യരാലുള്ള മാനവും, അഹങ്കാരവും ഉള്ളവർ ആയിരിക്കും അത്തരക്കാർ. അപ്പോസ്തലനായ പൗലോസ് എഫേസോസിലുള്ള മൂപ്പന്മാരെ ഈ വിഷയത്തെക്കുറിച്ചു് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.... '' നിങ്ങളെത്തന്നേയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളൂടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി പിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും. അതുകൊണ്ടു് ഉണർന്നിരിപ്പിൻ, ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തും കൊണ്ടു് ഓരോരുത്തനു ബുദ്ധി പറഞ്ഞു തന്നതു ഓർത്തു കൊൾവിൻ '' (പ്രവൃത്തി 20: 28-37).

പുറമെ നിന്നും, അകത്തു നിന്നും രണ്ടു തരത്തിലായി കടന്നു വരുന്ന കള്ള പ്രവാചകന്മാരെക്കുറിച്ചു് പൗലോസ് പറയുന്നു. പുറമെ നിന്നുള്ളവർ....സത്യത്തിനു വിരുദ്ധമായിട്ടു് പ്രസംഗിക്കുന്നവർ....ദുഷ്ടതയാലും, ഉപായത്താലും, ചതിയാലും.... ചെന്നായ്ക്കളെപ്പോലെ അവർ കടന്നു വരും....അവർ സഭയുടെ അംഗങ്ങളായിരിക്കുകയില്ല....സഭയ്ക്കു പുറത്തുള്ളവർ....

മറേറ കൂട്ടർ സഭയ്ക്കകത്തു തന്നെയുള്ളവരാണ്.... '' ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളയുവാനായി വിപരീതോപദേശം പ്രസ്താവിക്കും '' സഭയ്ക്കുള്ളിലെ പ്രശ്നങ്ങൾ മുഖാന്തരം, അഥവാ മറേറതെങ്കിലും സത്യവിരുദ്ധമായ ഉപദേശത്താലോ സഭയ്ക്കുള്ളിൽ നിന്നു വഴിതെററിപോയവരാണ് ഇവർ അവരുടെ തെററായ ഉപദേശത്തെ വിട്ടുകളയുകയാണ് അവർ സ്വയ നീതീകരണത്തിനായി. മററുള്ളവരുടെ പ്രീതിനേടുന്നതിനായി അവരുടെ തെററായ ഉപദേശം മററുള്ളവരെ പഠിപ്പിക്കുന്നു. സഭയുടെ പുറത്തുള്ള അബദ്ധപ്രവാചകന്മാരെയും ഉപദേഷ്ടാക്കന്മാരെയും നിയന്ത്രിക്കുന്നതു് സഭയ്ക്കുള്ളിലെ അബദ്ധ പ്രവാചകന്മാരെ നിയന്ത്രിക്കുന്നതിലും ലഘുവാണ്. സഭയ്ക്കുള്ളിലെ അഭിപ്രായ വ്യത്യാസം മററു പല തലത്തിലേയ്ക്കും പെട്ടെന്ന് വ്യാപിക്കുന്നു....സമൂഹത്തിന് മുമ്പിലും സഭയുടെ സാക്ഷ്യം നഷ്ടപ്പെടുവാൻ ഇതു കാരണമാകുന്നു. മനുഷ്യന്റെ ഈ ബലഹീനതയാണ് ക്രിസ്തുവും, അപ്പോസ്ത

ലനായ പൗലോസും ഇതിനെക്കുറിച്ച് മുന്നറിയിപ്പു നല്കിയത്.

അപ്പോസ്തലനായ പൗലോസ് തന്റെ പ്രിയ ശിഷ്യനായ തിമോഥെയോസിന് എഴുതുമ്പോൾ വിശ്വാസത്യാഗം ചെയ്യുന്നവരെക്കുറിച്ച് ഇപ്രകാരം എഴുതുന്നു. '' എന്നാൽ ഭാവികാലത്ത് ചില വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും. '' ( 1. തിമോഥെയോസ് 4:1-3 ) പൗലോസ് വീണ്ടും ഇപ്രകാരം പ്രബോധിപ്പിക്കുന്നു- '' ഞാൻ ദൈവത്തെയും, ജീവിവികൾക്കും മരിച്ചവർക്കും ന്യായ വിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നതു; വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക, അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലംവരും ''

വിശ്വാസത്യാഗം സംഭവിക്കുന്ന ഒരു കാലം വരുമെന്നും, ആ കാലത്തിൽ ഭൂതങ്ങളെയും, വ്യാജ ആത്മാക്കളെയും മനുഷ്യർ ആശ്രയിക്കുകയും, ഭോഷ്ക്കിനെ വിശ്വസിക്കുകയും, അങ്ങനെ ഇത്തരം കപടങ്ങളാൽ സത്യവിശ്വാസത്തെ ത്യജിക്കുകയും ചെയ്യുമെന്നാണ പൗലോസ് വ്യക്തമാക്കുന്നതു. അബദ്ധപ്രവാചകന്മാരെയും, കള്ള ഉപദേഷ്ടാക്കളെയും വിശ്വസിക്കുകയും അവരെ ആശ്രയിക്കുന്നതിനെയും കുറിച്ചാണ് പൗലോസ് വ്യക്തമാക്കുന്നതു.

'' പ്രിയമുള്ളവരെ, കള്ള പ്രവാചകന്മാർ പലരും ലോകത്തിലേയ്ക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ '' യോഹന്നാൻ തന്റെ ലേഖനത്തിലൂടെ മുന്നറിയിപ്പു നല്കുന്നത്. നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നാം കേൾക്കുന്ന എല്ലാ പ്രസംഗവും, ഉപദേശവും പ്രസംഗികരെയും ഉപദേഷ്ടാക്കന്മാരെയും, അവരുടെ ആത്മാവിനെയും സ്വീകരിക്കുവാൻ സാദ്ധ്യമല്ല.........നാം അതിനെ ശോധന ചെയ്യേ

ങ്ങിയിരിക്കുന്നു. എന്തെന്നാൽ അനേകം കള്ള പ്രവാചകൻമാർ ലോകത്തിലേയ്ക്കു കടന്നിരിക്കുന്നു.

യോഹന്നാന്റെ കാലത്ത് മാത്രമല്ല........ഇന്നും ഇതു സത്യമാണ്. വളരെ വിദ്യാഭ്യാസമുള്ളവരായി, നല്ല രീതിയിൽ സംസാരിക്കുവാൻ കഴിവുള്ളവരായി, സ്നേഹത്തെക്കുറിച്ച് ദീർഘമായി വിവരിക്കുന്നവരായി........അനേകർ നമുക്ക് ചുററുമുണ്ടു്....യോഹന്നാൻ പറയുന്നു. നാം ശ്രദ്ധയോടെ ഇരിക്കേണ്ടിയിരിക്കുന്നു ....ഉപദേശങ്ങൾ നാം ദൈവ വചനവുമായി താരതമ്യപ്പെടുത്തി യഥാർത്ഥമായ ഉപദേശത്തെ, ആത്മാവിനെ കണ്ടെത്തേണ്ടിയിരിക്കുന്നു....അവരുടെ ഉപദേശം ദൈവ വചനത്തിൽ നിന്നാകുന്നുവെങ്കിൽ നമുക്ക് അവരെയും അവരുടെ ഉപദേശത്തെയും സ്വീകരിക്കാം.........അല്ലെങ്കിൽ........ദൈവ വചനത്തിന് വിരുദ്ധമായി....വചനത്തിൽ ഉൾക്കൊള്ളാത്ത കാര്യങ്ങൾ അവർ ഉപദേശിക്കുന്നുവെങ്കിൽ........അവർ കള്ള പ്രവാചകൻമാരും അബദ്ധ പ്രവാചകൻമാരുമായി തീരുന്നു.

അവർ സത്യം....ദൈവ വചന പ്രകാരം സംസാരിക്കുന്നു. പക്ഷേ നാം അനുസരിക്കുന്നില്ല എങ്കിലും....അവരുടെ സത്യം മാറുന്നില്ല........സത്യം മാത്രമേ നമ്മെ സ്വതന്ത്രരാക്കുകയുള്ളു....( യോഹന്നാൻ 8:32 ).

സുഹൃത്തുക്കളേ, ആയതിനാൽ നിങ്ങൾ ഓരോരുത്തരും വ്യക്തിപരമായി ദൈവ വചനം വായിച്ചു പഠിക്കുവാൻ ഞാൻ താല്പരപ്പെടുന്നു. മനുഷ്യർ നിങ്ങളെ തെററിക്കാതിരിക്കട്ടെ. ദൈവ വചനത്തിൽ ഉൾക്കൊള്ളാത്ത കാര്യങ്ങൾ പ്രസംഗിക്കുന്നവർ വളരെയധികം ഉണ്ട്. അവരുടെ ദയയിലും, പ്രവർത്തിയിലും. നിങ്ങൾ വീണ് പോകാതിരിക്കുവാൻ സൂക്ഷിക്കുക........നിങ്ങളെ പ്രീതിപ്പെടുത്തുന്നതിന് പററിയ ഉപദേശങ്ങൾ അവർ നല്കും........വിദേശികളായെന്നും വരാം........ആയതിനാൽ ഏതു് ഉപദേശവും ദൈവ വചനവുമായി ഒത്തു നോക്കുക. മനുഷ്യർ തെററിയാലും ദൈവം എപ്പോഴും ശരിയായിട്ടുള്ളവൻ തന്നെ. നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യത്തെ അനുഗമിക്കുന്നവരും........ശരിയായി അറിയുന്നവരും ആകുന്നു. ദൈവം അതിന് നിങ്ങളെ അനുഗ്രഹിക്കട്ടെ !

YOUR ATTENTION PLEASE!

# Radio Sri Lanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.

Tuesdays— 9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 ; 00 to 9 : 15 P. M.

Saturdays– 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Mondays—2 : 30 to 2 : 45 P.M.

Tuesdays—2: 30 to 2 : 45 P.M.

Wednesdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*The Way of Truth*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 3301, Bangalore 560033.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P M.

Friday—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Qulion—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No. K. Dis, 90095/ 86/ A8

## You are Cordially Invited To Attend

Worship Services and Bible Studies

Sunday - 10 a. m.

Tuesday- 6. 30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India